Vyloppilly Samskrithi Bhavan, Multi Purpose Cultural Complex
Department of Culture, Government of Kerala
Nalanda, Thiruvananthapuram-3, Kerala, India
Tel./Fax 91 471 2311842 | email: directormpcc@gmail.com
www.mpcc.kerala.gov.in

Multi Purpose Cultural Complex
KERALA CULTURAL CENTRE

നമ്പർ. എം.പി.സി.സി.എസ്സ്/07/പ്രോഗ്രാം/2023-24 16.5.2023

**പ്രസിദ്ധീകരണത്തിന്**

# വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിജ്ഞാനവേനൽ ഒരുങ്ങുന്നു

തിരുവനന്തപുരം: കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം നന്തൻകോട് നാളന്ദയിൽ പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതിഭവൻ കുട്ടികളിലെ നൈസർഗ്ഗികമായ സർഗ്ഗാത്മകതയെയും അറിവിനെയും തൊട്ടുണർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അവധിക്കാലക്കൂട്ടായ്മ വിജ്ഞാനവേനൽ സംഘടിപ്പിക്കുന്നു. 2023 മേയ് 22 മുതൽ 26 വരെ നടക്കുന്ന ഈ അവധിക്കാലക്കൂട്ടായ്മയിൽ ഭാഷ, സാഹിത്യം, സംഗീതം, നൃത്തം, നാടകം, ചിത്രകല, പൊതുവിജ്ഞാനം എന്നീ വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ ക്ലാസ്സെടുക്കും. ക്യാമ്പിന്റെ ഭാഗമായി വൈകുന്നേരങ്ങളിൽ കലാപരിപാടികൾ ഉണ്ടായിരിക്കും. ദിവസവും രാവിലെ 10.30 ന് ക്ലാസ്സുകൾ ആരംഭിക്കും. 7-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സുവരെ ഉള്ള വിദ്യാർത്ഥികൾക്കാണ് പ്രവേശനം. 1000/-രൂപ രജിസ്ട്രേഷൻ ഫീസ്. പരമാവധി 100 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകും. വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാനും ഗ്രാൻഡ് മാസ്റ്ററുമായ ശ്രീ. ജി.എസ്. പ്രദീപാണ് ക്യാമ്പ് ഡയറക്ടർ.

വൈലോപ്പിള്ളി സംസ്കൃതി ഭവൻ ഓഫീസിൽ നിന്ന് നേരിട്ടും ഓൺലൈനായും അപേക്ഷ ഫാറം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471-2311842, 9744012971. ഇമെയിൽ: directormpcc@gmail.com

**മനേക്ഷ് പി.എസ്**
സെക്രട്ടറി
വൈലോപ്പിള്ളി സംസ്കൃതിഭവൻ